# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4135 16.05.17 ൽ മറുപടിയ്ക്ക്

### വാഹന ഹരിതനികുതി

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വാഹന ഹരിതനികുതി നടപ്പിലാക്കി വരുന്നുണ്ടോ;വിശദീകരിക്കാമോ; | (എ) | ഉണ്ട്. 01.01.2017 മുതൽ സംസ്ഥാനത്ത് ഹരിതനികുതി പ്രാബല്യത്തിൽ വന്നിട്ടുണ്ട്.<br>*1)*01.01.2017 ൽ 10 വർഷമോ അതിൽ കൂടുതലോ പഴക്കമുള്ള നാലും അതിൽ കൂടുതലും ചക്രങ്ങളുള്ളതുമായ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് താഴെ പ്പറയുന്ന നിരക്കിൽ ആണ് ഹരിതനികുതി ഈടാക്കുന്നത്.<br>A) ലൈറ്റ് മോട്ടോർ വാഹനങ്ങൾ ഒരു വർഷത്തേയ്ക്ക് - 200 രൂപ.<br>B) മീഡിയം മോട്ടോർ വാഹനങ്ങൾ - ഒരു വർഷത്തേയ്ക്ക് - 300 രൂപ.<br>C)ഹെവി മോട്ടോർ വാഹനങ്ങൾ ഒരു വർഷത്തേയ്ക്ക് -400 രൂപ.<br>*2)* 01.01.2017 ൽ 15 വർഷമോ അതിൽ കൂടുതലോ പഴക്കമുള്ളതും നാലും അതിൽ കൂടുതൽ ചക്രങ്ങളുള്ളതുമായ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് (മോട്ടോർ കാർ ഉൾപ്പെടെ) 5 വർഷത്തേയ്ക്ക് 400/- രൂപ എന്ന നിരക്കിൽ ആണ് ഹരിതനികുതി ഈടാക്കുന്നത്.<br>മോട്ടോർ സൈക്കിൾ, ഓട്ടോറിക്ഷകൾ തുടങ്ങി നാല് വീലുകളിൽ കുറവുള്ളതുമായ വാഹനങ്ങൾക്ക് ഹരിതനികുതി ഏർപ്പെടുത്തിയിട്ടില്ല. |
| (ബി) | ഇത്തരത്തിൽ മാർച്ച് 2011 മുതൽ നാളിതുവരെ എത്ര രൂപയാണ് സമാഹരിച്ചിട്ടുള്ളത്; | (ബി) | ഹരിതനികുതി നിലവിൽ വന്ന 01.01.2017 മുതൽ 30.04.2017 വരെ 77,30,300/- രൂപ ഹരിതനികുതിയിനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്. |
| (സി) | മറ്റു സംസ്ഥാനങ്ങളിൽ നിന്നും താൽക്കാലികമായി കേരളത്തിൽ ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് ഹരിത നികുതി ബാധകമാണോ; | (സി) | ബാധകമാണ്. |
| (ഡി) | നാളിതുവരെ എത്ര വാഹനങ്ങൾ ഹരിത നികുതി അടച്ചിട്ടുണ്ട്;ഇതിൽ സർക്കാർ വാഹനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ? | (ഡി) | ഇതു വരെ 23385 വാഹനങ്ങളിൽ നിന്ന് ഹരിതനികുതി പിരിച്ചെടുത്തിട്ടുണ്ട്. അതിൽ സർക്കാർ വാഹനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പ്രത്യേകമായി കണക്കെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ